# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4133 25.06.2014 - ൽ മറുപടിക്ക്

## തിരുവനന്തപുരം നഗരത്തിലെ പൈപ്പുപൊട്ടൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) തിരുവനന്തപുരം നഗരത്തിൽ തുടർച്ചയായി കുടിവെള്ള വിതരണപൈപ്പുകൾ പൊട്ടുന്നത് ആരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയുടെ ഭാഗമായാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എ) & (ബി) ഉണ്ട്. കാലപ്പഴക്കം ചെന്ന പൈപ്പുകളുടെ തകരാറാണ് കുടിവെള്ള പൈപ്പുകൾ പൊട്ടുന്നതിനുള്ള പ്രധാന കാരണം. തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള പദ്ധതി 1933 മുതൽ നിലവിലുള്ളതും, പിന്നീട് പലപ്പോഴായി വിപുലീകരിച്ചിട്ടുള്ളതുമാണ്. ഈ പദ്ധതിയിലെ പല വിതരണ പൈപ്പുകളും കാലപ്പഴക്കം ചെന്ന പി.എസ്.സി., പ്രിമോ എ.സി.ജി.ഐ. പൈപ്പുകളാണ്. കാലപ്പഴക്കം മൂലം ഇവയിൽ പലപ്പോഴും ലീക്കുകൾ ഉണ്ടാകാറുണ്ട്. കൂടാതെ കാലപ്പഴക്കം ചെന്ന സർവ്വീസ് പൈപ്പുകൾ ദ്രവിച്ച് ധാരാളമായി ലീക്കുകൾ ഉണ്ടാകാറുണ്ട്. കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പകരം പുതിയ എം.എസ്., ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ഘട്ടം ഘട്ടമായി പൂർത്തീകരിച്ചു വരുന്നു.

(സി) ഇത്തരത്തിലുള്ള കുറ്റങ്ങളിൽ നാളിതുവരെ എത്ര പേർക്കെതിരെ ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ടെന്നും അവർ ആരൊക്കെയാണെന്നും അവർക്കെതിരെ സ്വീകരിച്ച ശിക്ഷാനടപടി എന്താണെന്നും വിശദമാക്കുമോ ?

(സി) 02/01/1997-ൽ കുമ്മിയിൽ ഉണ്ടായ പൈപ്പുപൊട്ടലിനെക്കുറിച്ചുള്ള പ്രാഥമിക അന്വേഷണ റിപ്പോർട്ട് പ്രകാരം പത്ത് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തു. തുടർന്ന് ശ്രീ. സി.ജെ. സൈമണിന്റെ നേതൃത്വത്തിലുള്ള ട്രിബ്യൂണൽ റിപ്പോർട്ട് പ്രകാരം 6 പേരെ കുറ്റവിമുക്തരാക്കി. ബാക്കി നാലുപേരുടെ വാർഷിക ഇൻക്രിമെന്റ്

മുൻകാല പ്രാബല്യമില്ലാതെ റദ്ദാക്കിക്കൊണ്ട് അച്ചടക്ക നടപടികൾ പൂർത്തീകരിച്ചു. അവരുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ.ജാജു ജേക്കബ്
2. ശ്രീ.രഘുനാഥൻ നായർ
3. ശ്രീ. എൻ.വി. ലിങ്കൺ
4. ശ്രീ.എൻ. രാധാകൃഷ്ണൻ

കുറ്റവിമുക്തരാക്കിയവരുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ.കെ. വിജയൻകുമാരൻ നായർ
2. ശ്രീ.പി.എസ്.രാജേന്ദ്രബാബു
3. ശ്രീ. കൃഷ്ണകുമാർ
4. ശ്രീ. ആൽബി
5. ശ്രീ.പീറ്റർ
6. ശ്രീ. അബ്ദുൾ റഷീദ്.

സെക്ഷൻ ഓഫീസർ